I/300855/2024

**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : M.G. RAJAMANICKAM IAS)**

**സംഗ്രഹം**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം -മുൻ പഞ്ചായത്ത് വകുപ്പിലെ സീനിയർ ക്ലാർക്ക് ശ്രീമതി ശ്രീകല കെ.എസ്സ്-ൻറെ സീനിയോറിറ്റി പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ.LSGD/PD/65808/2023-GEA3 തീയതി: 30-05-2024**

പരാമർശം:

1) പാലക്കാട് ജില്ലാ ജോയിൻറ് ഡയറക്ടറുടെ 26.07.2023 ലെ LSGD/JD/PKD/2071/2023-A4 നമ്പർ കത്ത്.
2) തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 20.05.2010 -ലെ E2- 600/2006 നമ്പർ ഉത്തരവ്.
3) പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 30.06.2010- ലെ E2. 4503/2010 നമ്പർ ഉത്തരവ്.
4) പഞ്ചായത്ത് ഡയറക്ടറുടെ 13.06.2013 -ലെ എസ്സ്.1/14444/2013 നമ്പർ ഉത്തരവ്.
5) പഞ്ചായത്ത് ഡയറക്ടറുടെ 01.07.2013 -ലെ ഇ4- 04/2012 നമ്പർ ഉത്തരവ്.
6) പഞ്ചായത്ത് ഡയറക്ടറുടെ 29.07.2013 -ലെ എസ്സ്1. 25346/2013 നമ്പർ ഉത്തരവ്.
7) പഞ്ചായത്ത് ഡയറക്ടറുടെ 23.05.2018 - ലെ ഇ5- 38675/2017 നമ്പർ ഉത്തരവ്.
8) ഈ ആഫീസിലെ 07.03.2024 ലെ ഇതേ നമ്പർ നോട്ടീസ്

**ഉത്തരവ്**

കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻറെ നിയമന ശുപാർശയുടേയും പരാമർശം (2) ഉത്തരവിൻറെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി ശ്രീകല കെ.എസ്. പരാമർശം (3) ഉത്തരവ് പ്രകാരം അന്തർ ജില്ലാ സ്ഥലം മാറ്റം വഴി 07.07.2010 ന് പാലക്കാട് ജില്ലയിലെ അഗളി ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചു. പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ച 01.07.2008 മുതൽ 31.12.2011 വരെയുള്ള ക്ലർക്കുമാരുടെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി ശ്രീകല കെഎസ്.-ൻറെ സീനിയോറിറ്റി ടിയാളുടെ നിയമന ശുപാർശ തീയതിയായ 07.05.2010 അടിസ്ഥാനമാക്കി 1218 ആയി നിർണ്ണയിച്ചിരുന്നു. തുടർന്ന് പരാമർശം (5) പ്രകാരം ടിയാൾക്ക് 01.07.2013 പ്രാബല്യത്തിൽ സീനിയർ ക്ലർക്കായി സ്ഥാനക്കയറ്റം ലഭിക്കുകയും പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ച സീനിയർ ക്ലർക്കുമാരുടെ 01.01.2009 മുതൽ 31.12.2016 വരെയുള്ള അന്തിമ സീനിയോറിറ്റി പട്ടികയിൽ 2168 നമ്പർ ആയി ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്.

ശ്രീമതി ശ്രീകല കെ.എസ്-ൻറെ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി പരാമർശം (6) ഉത്തരവ് പ്രകാരം ടിയാൾ പാലക്കാട് ജില്ലയിൽ ജോലിയിൽ പ്രവേശിച്ച 07.07.2010 അടിസ്ഥാനമാക്കി 1362 A ആയി പുനർ നിർണ്ണയിക്കുകയുണ്ടായി. ആയതിൻറെ അടിസ്ഥാനത്തിൽ സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റിയും പുന:ക്രമീകരിക്കേണ്ടതുണ്ട്. ആയതിലേക്കായി സീനിയർ ക്ലർക്കുമാരുടെ പരാമർശം (7)

I/300855/2024

പ്രകാരമുള്ള അന്തിമ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. ശ്രീകല.കെ.എസ് -ൻറെ സീനിയോറിറ്റി ക്രമ നമ്പർ.2212 A ആയി താത്ക്കാലികമായി പുനർനിർണയിച്ചുകൊണ്ടു പരാമർശം (8) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. നോട്ടീസ് പ്രകാരമുള്ള സീനിയോറിറ്റി പുനർനിർണയം സംബന്ധിച്ച് ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.

ഈ സാഹചര്യത്തിൽ സീനിയർ ക്ലർക്കുമാരുടെ പരാമർശം (7) പ്രകാരമുള്ള അന്തിമ സീനിയോറിറ്റി പട്ടികയിൽ നിലവിൽ ക്രമ നമ്പർ 2168 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി ശ്രീകല കെ.എസ്. -ൻറെ സീനിയോറിറ്റി ടിയാളുടെ ക്ലർക്ക് തസ്തികയുടെ സീനിയോറിറ്റി ആയ 1362 A എന്നത് അടിസ്ഥാനമാക്കി ക്രമ നമ്പർ 2212 എലിസബത്ത് തോമസ് (ഫീഡർ കാറ്റഗറി നം. 1361) ക്രമ നമ്പർ. 2213 പ്രമോദ് എ. (ഫീഡർ കാറ്റഗറി നം. 1367) എന്നിവർക്ക് മദ്ധ്യേ ക്രമ നമ്പർ 2212 A ആയി പുന:ക്രമീകരിച്ചും നിലവിൽ ശ്രീമതി ശ്രീകല കെ.എസ്. ഉൾപ്പെട്ടിട്ടുള്ള ക്രമ നമ്പർ 2168 DELETED എന്ന് രേഖപ്പെടുത്തിയും സീനിയോറിറ്റി പട്ടിക പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

M.G. RAJAMANICKAM IAS
PRINCIPAL DIRECTOR

പകർപ്പ്:
1. ജില്ലാ ജോയിൻറ് ഡയറക്ടർമാർ
2. വ്യക്തിക്ക് (ജില്ലാ ജോയിൻറ് ഡയറക്ടർ മുഖേന)
3. DEB സെക്ഷൻ
4. സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ /അധികം

Signed by
M.g. rajamanickam Ias
Date: 30-05-2024 16:48:32